# ജനറൽ ആശുപത്രി, അടൂർ

പിൻ: 691523, ഫോൺ : 04734-223236
ഇ-മെയിൽ: gshadoor@gmail.com

നമ്പർ-എ1- 1807/23 തീയതി : 27.03.2023

## ടെണ്ടർ നോട്ടീസ്

ജനനി ശിശു സുരക്ഷ കാര്യക്രമം (JSSK) മാതൃയാനം പദ്ധതി പ്രകാരം 2023-2024 സാമ്പത്തിക വർഷത്തേക്ക് അടൂർ ജനറൽ ആശുപത്രിയിൽ പ്രസവിച്ച അമ്മമാരെയും കുട്ടികളെയും റണ്ണിംഗ് കോൺട്രാക്ട് വഴി ആശുപത്രിയിൽ നിന്നും വീട്ടിൽ എത്തിക്കുന്നതിന് 1200CC യ്ക്കു മുകളിൽ 4 seated ടാക്സി കാർ ഉടമകളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു കൊള്ളുന്നു.

| | |
|---|---|
| ടെണ്ടർ ഫാറത്തിന്റെ വില | -Rs.1000+18%GST(Rs180/-) |
| ടെണ്ടർ ഫാറം വിതരണം ചെയ്യുന്ന അവസാന തീയതി | - 24.04.2023 5.00 പി.എം |
| ടെണ്ടർ ഫാറം സ്വീകരിക്കുന്ന അവസാന തീയതി | - 25.04.2023 1.00 പി.എം |
| ടെണ്ടർ തുറക്കുന്ന തീയതി | - 25.04.2023 3.00 പി.എം |
| നിരതദ്രവ്യം | - Rs. 10000/- |

**നിബന്ധനകൾ**

1. ദർഘാസ് ഫോം ഉള്ളടക്കം ചെയ്തിട്ടുള്ള കവറിനുമുകളിൽ നം. എ1/1807/2023 അടൂർ ജനറൽ ആശുപത്രി "ജനനി ശിശു സുരക്ഷ കാര്യക്രമം പ്രകാരം സർക്കാർ ആശുപത്രിയിൽ പ്രസവിച്ച അമ്മമാരുടേയും കുട്ടികളുടേയും യാത്രക്കുള്ള ടെണ്ടർ" എന്ന് രേഖപ്പെടുത്തിയിരിക്കണം
2. ടെണ്ടർ സമർപ്പിക്കുമ്പോൾ വാഹനത്തിന്റെ ആദ്യത്തെ 5 കിലോമീറ്റർ (2 സൈഡ്) ഓട്ടത്തിന് നൽകേണ്ട പരമാവധി (മിനിമം ചാർജ്ജ്) തുക പിന്നീടുള്ള ഓരോ കിലോമീറ്റർ ഓട്ടത്തിനും നൽകേണ്ട തുക എന്നിവ രേഖപ്പെടുത്തേണ്ടതാണ്.
3. ആർ.ടി.ഒ നിഷ്കർഷിക്കുന്ന തുകയ്ക്കോ അതിൽ കുറഞ്ഞ തുകയ്ക്കോ സ്റ്റോർ പർച്ചെയ്സ് റൂൾ പാലിച്ച് വാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്. ടെണ്ടർ ലഭിക്കുന്ന വ്യക്തി കേന്ദ്ര/കേരള മോട്ടോർ വാഹനചട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുള്ള വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ.
4. സ്വീകാര്യമായ ടെണ്ടർ പ്രകാരം അടൂർ ആശുപത്രിയിൽ നിന്നും പ്രസവം നടക്കുന്ന അമ്മയെയും കുഞ്ഞിനേയും അവരുടെ വീടുകളിലേക്ക് എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം ടെണ്ടർ ലഭിക്കുന്ന വ്യക്തിയിൽ/ ടാക്സി ഓണറിൽ നിക്ഷിപ്തമായിരിക്കും.
5. ടെണ്ടർ ലഭിക്കുന്ന വ്യക്തിക്ക് ആശുപത്രി പരിസരത്തുനിന്നും വാഹനം നിശ്ചിത സമയത്തിനകം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കും.

6. ടെണ്ടർ ലഭിക്കുന്ന വ്യക്തികളുടെ വാഹനം ഏതു സമയത്തും ലഭ്യമാകത്തക്ക രീതിയിൽ സജ്ജമായിരിക്കേണ്ടതാണ്.
7. സ്വീകാര്യമായ ടെണ്ടർ സമർപ്പിച്ച വ്യക്തിയെ രേഖാ മൂലം വിവരം അറിയിക്കുന്നതാണ്. അപ്രകാരം അറിയിപ്പ് ലഭിച്ചു കഴിഞ്ഞാൽ 2 ദിവസത്തിനുള്ളിൽ 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ടതാണ്.

GENERAL HOSPITAL, ADOOR, PIN-691523

സൂപ്രണ്ട്

**കോപ്പികൾ**

1. ഡയറക്ടേറ്റ് ഓഫ് ഹെൽത്ത് സർവീസ്, തിരുവനന്തപുരം(വെബ് സൈറ്റിൽ പരസ്യപ്പെടുത്തുന്നതിന്)
2. സ്റ്റേറ്റ് പബ്ലിക് റിലേഷൻ ഓഫീസർ പി. ആർ. ഡി ഓഫീസ് തിരുവനന്തപുരം
3. ജില്ലാ പബ്ലിക് റിലേഷൻ ഓഫീസർ പി. ആർ. ഡി ഓഫീസ് പത്തനംതിട്ട
4. ജില്ലാ മെഡിക്കൽ ഓഫീസ്, (ആരോഗ്യം) പത്തനംതിട്ട
5. ആശുപത്രി നോട്ടീസ് ബോർഡ്
6. അടൂർ നഗരസഭ നോട്ടീസ് ബോർഡ്
7. അടൂർ താലൂക്കാഫീസ് നോട്ടീസ് ബോർഡ്
8. അടൂർ വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
9. ഫയൽ/സ്റ്റോക്ക് ഫയൽ